ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചു വരുന്നു.

45 (1589) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പ്രശ്നങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർവ്വീസിലുള്ള സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എൽ.പി., യു.പി. വിഭാഗങ്ങളിൽ ഫിസിക്കൽ എഡ്യൂക്കേഷൻ തസ്തിക നിർബന്ധമായും നടപ്പാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) പരിശോധിച്ചു വരുന്നു.

46 (1590) പൂവാർ ഗവണ്മെന്റ് എൽ.പി.എസ്.

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ പൂവാർ ഗവണ്മെന്റ് എൽ.പി.എസ്. ഉം വി.എച്ച്.എസ്.എസ്. ലെ യു.പി. വിഭാഗവുമായി സംയോജിപ്പിക്കുന്നതു സംബന്ധിച്ച് വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശത്തിൻമേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു;

(ബി) നെയ്യാറ്റിൻകര താലൂക്കിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്നതും വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്നതുമായ എൽ.പി. സ്കൂൾ എന്ന നിലയിൽ പ്രസ്തുത നിർദ്ദേശം സർക്കാർ അംഗീകരിക്കുമോ?

ഉത്തരം

(എ)&(ബി) സർക്കാരിന്റെ പരിഗണനയിലാണ്.

47 (1591) എൽ.പി. സ്കൂൾ ആരംഭിക്കാൻ നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ലോവർ പ്രൈമറി സ്കൂൾ സ്ഥാപിക്കുന്നതിന് ഇന്ന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) മലപ്പുറം ജില്ലയിലെ കരുവാരക്കുണ്ട് പഞ്ചായത്തിലെ പാന്തറ എന്ന സ്ഥലത്ത് 20 കിലോമീറ്റർ ചുറ്റളവിൽ പ്രൈമറി സ്കൂൾ ഇല്ലാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) യാത്രാസൗകര്യം കുറവായ ഇവിടെനിന്ന് പത്തും ഇരുപതും കിലോമീറ്ററോളം യാത്ര ചെയ്താണ് കുട്ടികൾ എൽ.പി, സ്കൂളിലേയ്ക്ക് പോയി പഠിക്കുന്നത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എൽ.പി. സ്കൂൾ ആരംഭിക്കുന്നതിന് സ്ഥലവും കെട്ടിടവും സൗജന്യമായി വാഗ്ദാനം ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇവിടെ ഒരു എൽ. പി. സ്കൂൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.ഇ.ആർ-ലെ ചാപ്റ്റർ 5 റൂൾ (2) ഉള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് സംസ്ഥാനത്ത് പുതിയ എൽ.പി.സ്കൂളുകൾ ആരംഭിക്കുന്നത്.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊള്ളുമ്പോൾ കരുവാരക്കുണ്ട് പഞ്ചായത്തിലെ പാന്തറയിൽ ഒരു എൽ.പി. സ്കൂൾ തുടങ്ങാനുള്ള ആവശ്യം പരിശോധിക്കുന്നതാണ്.

48 (1592) സ്കൂൾ ഏറ്റെടുക്കാൻ നടപടി

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് വിദ്യാഭ്യാസ ഉപജില്ലയിലെ തലവിൽ ദൈവത്താർ സ്കൂൾ സ്വമേധയാ വിട്ടുകൊടുക്കാൻ സ്കൂൾ മാനേജ്മെന്റ് തയ്യാറായിട്ടും ആയത് ഏറ്റെടുക്കുവാൻ സർക്കാർ എന്തുകൊണ്ടാണ് കാലതാമസം വരുത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) സ്കൂൾ മാനേജ്മെന്റ്, സർക്കാരിൽ നിക്ഷിപ്തമാകുവാൻ ആവശ്യമായ രജിസ്ട്രേഷൻ സംബന്ധിച്ച നടപടികൾ ഇപ്പോൾ ഏത് സ്റ്റേജിലാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ ഇനിയും ലഭ്യമായിട്ടില്ലാത്തതിനാലാണ് ഇക്കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നത്.

(ബി) സ്കൂളിന്റെ സ്ഥലവും കെട്ടിടവും രജിസ്റ്റർ ചെയ്യുന്നതിനാവശ്യമായ ഇവാലുവേഷൻ സർട്ടിഫിക്കറ്റും കെട്ടിടത്തിന്റേയും സ്ഥലത്തിന്റേയും വില സംബന്ധിച്ച വിവരവും ലഭ്യമാക്കാൻ റവന്യൂ അധികാരികളോട് കണ്ണൂർ ഉപജില്ലാ വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരിക്കുകയാണ്.

49 (1593) എൽ.പി., യു.പി. അദ്ധ്യാപക നിയമനം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly